# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ
ചോദ്യം നമ്പർ.1365

30.01.2018 ലെ മറുപടിയ്ക്ക്

**എഞ്ചിനീയറിംഗ് പഠനം നിർത്തുന്നവരിൽ നിന്നും നഷ്ടപരിഹാരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പല കാരണങ്ങളാലും എഞ്ചിനീയറിംഗ് പഠനം ഇടയ്ക്ക് ഉപേക്ഷിക്കേണ്ടി വരുന്ന വിദ്യാർത്ഥികളോട് മാനേജ്മെന്റുകൾ നഷ്ടപരിഹാരം ഈടാക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ലിക്വിഡേറ്റഡ് ഡാമേജസ് വ്യവസ്ഥ എന്നറിയപ്പെടുന്ന ഈ നടപടി നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) പഠനം ഇടയ്ക്ക് വച്ച് നിർത്തിപോകുന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥികളിൽ നിന്നും ലിക്വിഡേറ്റഡ് ഡാമേജസ് ഇനത്തിൽ തുക ഈടാക്കി വരുന്നത് ഒഴിവാക്കി അവർ അടച്ച ട്യൂഷൻഫീസ് തിരികെ നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് 29.12.2017 ലെ സ.ഉ.(കൈ) നം.319/2017/ഉ.വി.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു). ഈ വ്യവസ്ഥകൾ സ്വകാര്യ സ്വാശ്രയ കോളേജുകൾക്കും ബാധകമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - പഠനം ഇടയ്ക്ക് വച്ച് നിർത്തിപോകുന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥികളിൽ നിന്നും ലിക്വിഡേറ്റഡ് ഡാമേജസ് ഇനത്തിൽ തുക ഈടാക്കി വരുന്നത് ഒഴിവാക്കി അവർ അടച്ച ട്യൂഷൻ ഫീസ് തിരികെ നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്

<u>സ.ഉ.(കൈ)നം. 319/2017/ഉ.വി.വ തീയതി, തിരുവനന്തപുരം, 29.12.2017</u>

പരാമർശം: 31/01/2017 ലെ സർക്കാർ ഉത്തരവ് (കൈ) നം.30/2017/ഉ.വി.വ.

<u>**ഉത്തരവ്**</u>

സംസ്ഥാനത്ത് എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനം നടത്തുന്നത്, സർക്കാർ അംഗീകരിച്ച, കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ & മെഡിക്കൽ കോഴ്സ് (KEAM) പ്രോസ്പെക്ടസിലെ വ്യവസ്ഥകൾക്ക് വിധേയമായാണ്. പ്രസ്തുത കോഴ്സുകളിലേക്കുള്ള പ്രവേശനം പ്രവേശനപരീക്ഷാ കമ്മീഷണർ മുഖേനയാണ് നടത്തുന്നത്. പരാമർശം (1) ലെ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച KEAM 2017 പ്രോസ്പെക്ടസ് പ്രകാരം, എഞ്ചിനീയറിംഗ് പ്രവേശന നടപടികൾ പൂർത്തിയായ ശേഷം അഡ്മിഷൻ നേടിയ അതേ അധ്യയന വർഷം തന്നെ മറ്റ് കോഴ്സ്/കോളേജുകളിൽ ചേരാനോ മറ്റാവശ്യങ്ങൾക്കായോ ഇടയ്ക്ക് വച്ച് പഠനം നിർത്തിപോകുന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ 75,000/-രൂപ ലിക്വിഡേറ്റഡ് ഡാമേജസ് ആയി നൽകേണ്ടതാണ്. വിദ്യാർത്ഥികളെ ആദ്യത്തെ അധ്യയന വർഷത്തിനുശേഷമാണ് വിടുതൽ ചെയ്യുന്നതെങ്കിൽ കോഴ്സിന്റെ മുഴുവൻ ഫീസും ഒടുക്കിയാൽ മാത്രമേ ടി. സി. യും അസൽ സർട്ടിഫിക്കറ്റും കോളേജധികൃതർ തിരികെ നൽകുകയുള്ളൂ. എന്നാൽ ധാരാളം വിദ്യാർത്ഥികൾക്ക് നിശ്ചിത ക്രെഡിറ്റ് നേടി അടുത്ത സെമസ്റ്ററുകളിലേക്ക് പ്രവേശനം ലഭിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ എഞ്ചിനീയറിംഗ് പഠനം തുടരാൻ കഴിയാത്ത സ്ഥിതിയും ഈ കുട്ടികൾക്ക് ലിക്വിഡേറ്റഡ് ഡാമേജസ് അടയ്ക്കാത്തതിന്റെ പേരിൽ കോളേജധികൃതർ ടി. സി. യും അസൽ സർട്ടിഫിക്കറ്റും തിരികെ നൽകാത്ത സാഹചര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് നിരവധി നിവേദനങ്ങളും സർക്കാരിന് ലഭിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ വിഷയം സംബന്ധിച്ച് AICTE (All India Council for Technical Education) യുടെ അപ്രൂവൽ പ്രോസസ് ഹാൻഡ് ബുക്കിൽ (2017-18) നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച്, താഴെ കൊടുത്തിരിക്കുന്ന വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

i. 2017-18 അധ്യയന വർഷം മുതൽ പ്രവേശനം നേടിയവർക്ക് AICTE യുടെ അപ്രൂവൽ പ്രോസസ് ഹാൻഡ് ബുക്കിൽ (2017-18) നിർദ്ദേശിച്ചിട്ടുള്ള

നിബന്ധനകൾ പ്രകാരം അടച്ച ഫീസും വിടുതൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്.

ii. 2017-18 അധ്യയന വർഷത്തിന് മുമ്പ് പ്രവേശനം നേടിയവരിൽ ഇതിനകം വിടുതൽ സർട്ടിഫിക്കറ്റ് കൈപ്പറ്റിയവരുടെ വിഷയം ഇനി പുന:പരിശോധിക്കുന്നതല്ല. 2017-18 അധ്യയന വർഷത്തിന് മുമ്പ് പ്രവേശനം നേടിയവർ ഇനി വിടുതൽ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചാൽ അവർക്ക് മുമ്പ് നിലവിലുണ്ടായിരുന്ന നിയമപ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് അടയ്ക്കേണ്ടതില്ല. എന്നാൽ അവർക്ക് അതുവരെ അടച്ച ഫീസ് തിരികെ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കില്ല.

iii. ഐ. എച്ച്. ആർ. ഡി യുടെ കീഴിലുള്ള കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പോളിടെക്നിക്ക് കോളേജ്, ടി.എച്ച്.എസ്.എസ് എന്നിവയിൽ പഠിക്കുന്ന കുട്ടികൾക്കു കൂടി മുകളിൽ പറഞ്ഞിട്ടുള്ള 1 മുതൽ 2 വരെയുള്ള നിബന്ധനകൾ ബാധകമായിരിക്കും.

iv. മേൽ വ്യവസ്ഥകൾ പ്രവേശനപരീക്ഷാ കമ്മീഷണർ മുഖേന പ്രവേശനം നടത്തുന്ന എല്ലാ സർക്കാർ, സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ, എയ്ഡഡ് കോളേജുകൾ എന്നിവയ്ക്ക് ബാധകമായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ. ജെയിംസ് രാജ്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രവേശനപരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
രജിസ്ട്രാർ, എ.പി.ജെ.അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, തിരുവനന്തപുരം.
ഡയറക്ടർ, ഐ.എച്ച്.ആർ.ഡി, തിരുവനന്തപുരം.
ഡയറക്ടർ, കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്), വികാസ് ഭവൻ. പി.ഒ, തിരുവനന്തപുരം.
ഡയറക്ടർ, എൽ.ബി.എസ്, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/മഹാത്മഗാന്ധി സർവ്വകലാശാല, കോട്ടയം/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/കണ്ണൂർ സർവ്വകലാശാല, കണ്ണൂർ/കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി, എറണാകുളം/കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
പൊതുഭരണ (സ്പെഷ്യൽ സെൽ) വകുപ്പ്
ഇൻഫർമേഷൻ ആഫീസർ, വിവര-പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ